**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1739** **05-07-2022 - ൽ മറുപടിയ്ക്ക്**

**വയോമൃതം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സാമൂഹ്യനീതി വകുപ്പും ഭാരതീയ ചികിത്സ വകുപ്പും സംയുക്തമായി സർക്കാർ വൃദ്ധസദനത്തിൽ നടപ്പാക്കി വരുന്ന വയോമൃതം പദ്ധതി ഇപ്പോൾ നിർത്തി വച്ചിരിക്കുകയാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സാമൂഹ്യ നീതി വകുപ്പ്, ISM എന്നീ വകുപ്പുകൾ സംയുക്തമായി നടത്തുന്ന പദ്ധതിയാണ് വയോ അമൃതം. ഓരോ വർഷവും സാമൂഹ്യനീതി വകുപ്പിന്റെ ബജറ്റ് വിഹിതത്തിൽ നിന്നും പദ്ധതിയ്ക്ക് തുക വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്കാണ് പദ്ധതി ആരംഭിക്കുന്നത്. 2022-2023 വർഷത്തെ ഭരണാനുമതി ലഭ്യമാവുന്നതിലുണ്ടായ ചെറിയ കാലതാമസം നേരിട്ടതിനാലാണ് ഏപ്രിൽ, മെയ് മാസങ്ങളിൽ പദ്ധതി തുടരുന്നതിന് സാധിക്കാതിരുന്നത്. ഏപ്രിൽ, മേയ് മാസങ്ങളിൽ വയോ അമൃതം പദ്ധതി നിർത്തി വച്ചിരുന്നെങ്കിലും നിലവിൽ എല്ലാ ജില്ലകളിലും പദ്ധതിയുടെ പ്രവർത്തനം പുനരാരംഭിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത പദ്ധതി പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) | സാമൂഹ്യ നീതി വകുപ്പ്, ISM എന്നീ വകുപ്പുകൾ സംയുക്തമായി നടത്തുന്ന പദ്ധതിയാണ് വയോ അമൃതം. ഓരോ വർഷവും സാമൂഹ്യനീതി വകുപ്പിന്റെ ബജറ്റ് വിഹിതത്തിൽ നിന്നും പദ്ധതിയ്ക്ക് തുക വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്കാണ് പദ്ധതി ആരംഭിക്കുന്നത്. 2022-2023 വർഷത്തെ ഭരണാനുമതി ലഭ്യമാവുന്നതിലുണ്ടായ ചെറിയ കാലതാമസം നേരിട്ടതിനാലാണ് ഏപ്രിൽ, മെയ് മാസങ്ങളിൽ പദ്ധതി തുടരുന്നതിന് സാധിക്കാതിരുന്നത്. ഏപ്രിൽ, മേയ് മാസങ്ങളിൽ വയോ അമൃതം പദ്ധതി നിർത്തി വച്ചിരുന്നെങ്കിലും നിലവിൽ എല്ലാ ജില്ലകളിലും പദ്ധതിയുടെ പ്രവർത്തനം പുനരാരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ